**5**

**ദൈവം ഉണ്ടോ?**
**ഉണ്ട്, കാരണം മറ്റെങ്ങനെ നമുക്ക് വിശദമാക്കാം ...**

# സൗന്ദര്യം

ചന്ദ്രൻ ഉണ്ട് എന്നതിലും അതു ചുറ്റിക്കറങ്ങുന്നു എന്നതിലും മാത്രമല്ല മനുഷ്യൻ ആകൃഷ്ടനാകുന്നത്, അതിന്റെ സൗന്ദര്യത്തിലും ആകൃഷ്ടരാകുന്നുണ്ട്. ഭൂമിയിൽ വസിക്കുന്നവർക്കു അതിന്റെ സൗന്ദര്യബോധം നുകരുവാനും ചന്ദ്രൻ പ്രയോജനപ്രദമായ രീതിയിൽ കറങ്ങുന്നതുകൊണ്ടു, മാസങ്ങളും കാലങ്ങളും ഉണ്ടാകുന്നു; സ്പഷ്ടമായും, കൂടുതൽ അടുക്കുമ്പോൾ, ഉപകാരപ്രദമെന്നോ, സൗന്ദര്യവസ്തു എന്നതിലുപരിയായി ഒരു ദശലക്ഷത്തിനു കാൽ ഭാഗം കുറവുള്ള മൈലുകൾക്കപ്പുറത്താണ് അതു സ്ഥിതിചെയ്യുന്നത്, അതിന്റെ മഞ്ഞ നിറമുള്ള അർദ്ധചന്ദ്രാകൃതി അല്ലെങ്കിൽ അതിന്റെ പൂർണ്ണ – ഗ്രഹണ ശോഭ ചിലപ്പോൾ എല്ലാവരെയും ചിന്തിപ്പിക്കുന്നതാണ്; പ്രത്യേകിച്ചു സ്നേഹം ഉള്ളവർക്ക്. ചന്ദ്രന്റെ നിർമ്മാതാവിന്റെ മനസ്സിൽ ഭൂമിയിൽ – വസിക്കുന്നവർക്കു പ്രായോഗികമായും സൗന്ദര്യബോധം ഉണ്ടാകണമെന്നു കരുതിയിരുന്നോ?

ഒരാൾ തന്റെ കണ്ണു ചന്ദ്രനിൽനിന്നു ഭൂമിയിലേക്കു റോസയിൽ പരിശോധിച്ചാൽ, പല ചോദ്യങ്ങളും ഉയർന്നു വരുന്നു: അതു എങ്ങനെ എത്തി? എന്തുകൊണ്ടു അതു സമതുലനാവസ്ഥയിൽ രൂപം കൊണ്ടു, മനോഹര നിറം കൊടുക്കുകയും മൃദുവായി സുഗന്ധവും കൊടുക്കപ്പെട്ടു? പ്രായോഗികമൂല്യം ഇല്ലെങ്കിലും, റോസിനെ ഉണ്ടാക്കിയവനു സൗന്ദര്യവസ്തുക്കളെ അനുമോദിക്കുവാൻ കഴിയുമോ? അവൻ അനുമോദനാസ്വഭാവത്തോടെ സമതുലനാവസ്ഥയും, നിറങ്ങളും, സുഗന്ധവും മനുഷ്യർക്കു ആസ്വദിക്കുവാൻ നല്കുമോ?

സൗന്ദര്യവസ്തുക്കളുടെ ലിസ്റ്റ് ഒരാൾ എഴുതുകയാണെങ്കിൽ, അയാൾ ക്ഷീണിച്ചുപോകും. വളരെ നാളുകൾക്കു മുൻപും വെർജീനിയയിലെ ഷേനൻയോ താഴ്‌വരയിലെ ആപ്പിൾ പ്രയോജനപ്രദമായ പോഷണമായിത്തീർന്നു. ഒരു കലാകാരനു ഊഹിക്കുവാൻ പറ്റാത്ത രീതിയിലായിരുന്നു പുഷ്പിക്കുന്ന കാലത്ത് ആ താഴ്‌വര. കൂടാതെ ഖനനസ്ഥലത്തേക്കാളും മേച്ചിൽ സ്ഥലങ്ങളേക്കാളും അധികം ആയിരുന്നു. മറ്റൊരു ഭൂമിയുടെ ചുറ്റലിനേക്കാൾ വലുതാണ് കടലിലെ സൂര്യോദയം.[1] നൈറ്റിംഗേലിന്റെ പാട്ടുകൾ, പുഷ്പച്ചെടിയുടെ സൗരഭ്യം, ഒരു സ്നേഹിതന്റെ പുഞ്ചിരി,

സ്നേഹമുള്ള ഒരാളുടെ കണ്ണുകളിൽ നിന്നു പ്രകാശിക്കുന്ന മിന്നൽ: ഇവയ്ക്കെല്ലാം ഉള്ള ആകർഷണീയത നിർവ്വചിക്കുവാൻ പ്രയാസം, എന്നാൽ സ്നേഹമുള്ളതും യാഥാർ ത്ഥ്യവുമാണ്.

"വ്യക്തികളിൽ നിന്നു വ്യക്തികളിലേക്കു വ്യാപ്തിയിൽ വ്യത്യാസം ഉണ്ടാകും എങ്കിലും, മനുഷ്യനു സൗന്ദര്യബോധം സ്പന്ദിക്കുന്നുണ്ട്, അതു എല്ലാവരിലും വിവിധ രീതിയിലാണ് വ്യക്തികളിൽ പ്രതിഫലിപ്പിച്ചിരിക്കുന്നത്."[2] എഫ്. ആർ. ടെന്നന്റ് എഴുതി,

> ദൂരദർശിനിയാലും സൂക്ഷ്മദർശിനിയാലും ആകാശത്തിലെ നക്ഷത്രവ്യൂഹങ്ങൾ മുതൽ ഡയാറ്റത്തിന്റെ ചെറിയ അസ്ഥികൂടംവരെ, അവയുടെ കണ്ണുകൾക്കോ, അതുപോലെ പ്രതലങ്ങൾക്കോ, പുഷ്പങ്ങളിൽ ഉള്ള "അദൃശ്യമായ ലജ്ജ" യും "കടൽ കരടിയുടെ അളക്കുവാൻ പറ്റാത്ത ഗുഹകളും," പ്രകൃതിയുടെ മനോഹാരിത വർദ്ധിപ്പിക്കുകയും, ഒഴികഴിവുകൾ നിയമത്തെ തെളിയിക്കയും ചെയ്യുന്നു.[3]

പ്ലാറ്റോയും അരിസ്ട്ടോട്ടിലും സൗന്ദര്യചർച്ചയിൽ സജീവമായിരുന്നിട്ടുണ്ട്. ഇമ്മാനുവേൽ കാന്ത് ധാരാളം പേജുകളിൽ "സൗന്ദര്യ ബോധത്തെക്കുറിച്ചുള്ള അഭിപ്രായ വിമർശനം," എഴുതിയിട്ടുണ്ട്, അതിൽ അയാൾ "മനുഷ്യന്റെ അഭിപ്രായ രുചി" വ്യക്തമാക്കുന്നു. അതു "മനസ്സിലാക്കൽ അല്ലെങ്കിൽ വിവേചനം."[4] എന്നതിൽനിന്നു വേർതിരിച്ചറിഞ്ഞു കാന്ത് ഹുമിനേക്കാൾ ഒട്ടും കുറയാതെ, "അതിനുള്ളിലെ ധാർമ്മിക നിയമത്തിലേക്കു" കടന്നു. ഒരുപക്ഷെ മറ്റേതൊരു മർത്യമായ വയേക്കാളും, കാന്ത് "ആകാശനക്ഷത്രവ്യൂഹങ്ങളുടെ" ഭംഗിയാൽ ഭ്രമിപ്പിക്കയും രഹസ്യാലോചന നടത്തുകയും ചെയ്തിരിക്കാം.

ജീവൻ യഥാർത്ഥമാണ്, സൗന്ദര്യവും യഥാർത്ഥമാണ്. അതുകൊണ്ട് അവ രണ്ടിനേയും സൃഷ്ടിച്ചവൻ ജീവനുള്ളവനും സൗന്ദര്യബോധമുള്ളവനും ആയി കാണപ്പെടുമെന്നതു യുക്തിസഹജമാണ്. സ്പഷ്ടമായും, ചിന്തിക്കുവാനും, സൗന്ദര്യം മനസ്സിലാക്കുവാനും ഉള്ള കഴിവു മനുഷ്യർക്കു മാത്രമാണ്. ആബൺ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ, വില്ല്യം എച്ച്. ഡേവിസ്, നിരീക്ഷിച്ചതു, "അലങ്കരിക്കുന്ന മൃഗം മനുഷ്യൻ മാത്രമാണ്, എല്ലാ മനുഷ്യരും അതു ചെയ്യുന്നുണ്ട്!" അലങ്കരിക്കുന്ന പ്രവൃത്തിക്കു സാധാരണ പ്രായോഗിക മൂല്യം അല്ലെങ്കിൽ ഇഷ്ട വസ്തുക്കളോ വേറെയൊന്നില്ല; എന്നാൽ സൗന്ദര്യത്തിൽ "ഉദ്ദേശസംബ സ്ധമായി, നമ്മുടെ അഭിപ്രായത്തിൽ," കാന്ത് പറഞ്ഞു, "ഉദ്ദേശമേ ഇല്ലെന്നു തന്നെ പറയാം."[5] സൗന്ദര്യം ഉണ്ട് എന്ന കാര്യത്തിലോ അതിനെ അനുമോ ദിക്കുന്ന കാര്യത്തിലോ, ദൈവവിശ്വാസിക്കു വിശദീകരിക്കുവാൻ പ്രയാസമില്ല, എന്നാൽ പരിണാമ സിദ്ധാന്തകനു – "യോജിക്കുന്ന നിലനില്പ്പു" ഉപദേശത്തിനു – ഒന്നും പറയുവാനില്ല. പരിണാമ സിദ്ധാന്തകനായ ഹക്സ്ലേ തന്റെ വിഷമത്തെ പറ്റി സത്യസന്ധനായിരുന്നു:

> അശുഭപ്രതീക്ഷക്കെതിരായുള്ളതും ധർമ്മോപകാരിയായ ഒരു പ്രപഞ്ചകർത്താവു ഉണ്ടെന്നു പറയുന്നതും എന്നെ ഇരുത്തി ചിന്തിപ്പിക്കുന്നതാണ്, എന്നാൽ പ്രപഞ്ചം എനിക്കു നല്ല കാഴ്ചയും സംഗീതവും നല്കുന്നു. നിലനില്പിന്റെ പോരാട്ടത്തിൽ അവക്കു എങ്ങനെ സഹായം ലഭിക്കുന്നു എന്നു എനിക്കറിഞ്ഞുകൂടാ. അവ സൗജന്യമായി കിട്ടുന്ന ദാനങ്ങളാണ്.[6]

പണ്ഡിതനും വാഞ്ഛരിയുമായ തത്വജ്ഞാനി, ടെന്നന്റ്, പറഞ്ഞു, "ചില മനുഷ്യർ സുന്ദരം എന്ന ദൈവാലയഗോപുരവാതിൽകൂടെ അകത്തു കടന്നു." ദൈവവിശ്വാസത്തിന്റെ തൂണുകളിൽ ഒന്നിനു സൗന്ദര്യം ഉണ്ടെന്നു പറയുവാൻ അയാൾ മടിച്ചില്ല.

> പ്രകൃതിഭംഗിയുടെ സാർവ്വത്രികത്വം – എല്ലാറ്റിന്റേയും ഭംഗി ഒരേ പോലെയാണെന്നു പറയുന്നതും അതു നൈസർഗ്ഗികം ആണെന്നും ഉള്ളതു – പൊതുവായി പ്രകൃതിനിയമങ്ങളുടെ ഐകരൂപ്യത്തെ താര തമ്യം ചെയ്യാവുന്നതാണ്. ആ പ്രകൃതി വസ്തുക്കൾ സൗന്ദര്യ ബോധത്തെ ഉണർത്തുന്നു, അവ ചലന നിയമങ്ങൾ അനുസരിക്കുന്നു എന്നതും വസ്തുതയാണ് അല്ലെങ്കിൽ അവയ്ക്കുള്ള രാസ സംയോജനം ആകണം.

"രാജ്യം ദൈവം ഉണ്ടാക്കുകയും" "മനുഷ്യൻ ടൗൺ ഉണ്ടാക്കുകയും – കറുത്ത രാജ്യവും – ഇവയുടെ വിശദീകരണത്തിനു സാധ്യതകൾ ഉണ്ട്; ഈ പറച്ചിലിൽ ദൈവവിശ്വാസം അടങ്ങിയിട്ടുള്ളതു ത്യജിച്ചാൽ, വിശദീകരണം വരുമെന്നു തോന്നുന്നില്ല."[7]

---

കുറിപ്പുകൾ

[1]കടലിൽ നിന്നു സൂര്യൻ ഉദിക്കുന്നതിന്റെ ശാസ്ത്രീയ വിശദീകരണം ആഗ്രഹിക്കത്തക്കതായി ചിലതു തരുന്നു: "ദ എർത്ത് റിവോൾവ്സ് അണ്ടിൽ ഇറ്റ്സ് ടാൻജെന്റ് പ്ലെയിൻ കോയിൻസൈഡ്സ് വൺസ് മോർ വിത്ത് ദ സോലാർ അജിമത്ത്." [2]ലോറെൻ എയിസ്‌ലേ, *ദ ഇമ്മെൻസ് ജേർണി* (ന്യൂയോർക്ക്: റാന്റം ഹൗസ്, 1962), 65. [3]എഫ്. ആർ. ടെന്നന്റ്, *ഫിലോസഫിക്കൽ തിയോളജി* (കെയിംബ്രിഡ്ജ്: യൂണിവേഴ്സിറ്റി പ്രസ്, 1930; റീപ്രിന്റ്, 1956), 2:91–92. [4]ഇമ്മാനുവേൽ കാന്ത്, "ക്രിട്ടിക് ഓഫ് ജഡ്ജ്മെന്റ്," ഇൻ *കാന്ത് സെലക്ഷൻസ്*, എഡ്. തെയോഡർ മേയർ ഗ്രീൻ (ന്യൂയോർക്ക്: ചാൾസ് സ്ക്രിബ്നേഴ്സ് സൺസ്, 1957), 387. [5]ഇബിഡ്., 408. [6]തോമസ് ഹക്സ്‌ലേ, *കലക്ടഡ് എസ്സേസ്*, വാല്യം. 2, *ഡാർവിനിനാ* (വെസ്റ്റ് പോർട്ട്, കോൺ.: ഗ്രീൻവുഡ് പബ്ലിഷിങ് ഗ്രൂപ്പ്, 1970), 478. [7]ടെന്നന്റ്, 2:91–92.

© 2009 Truth for Today